Minister for Labour (**Shri T. V. Thomas**):
(a) & (b) The question of gradual abolition of riksha pulling is under consideration.

ശ്രീ. എൻ. കണപതി: സർ, ഇതുവരെ സർക്കാരാൽ എടുക്കപ്പെട്ട നടപടിക്രമത്തിന്റെ പേരിൽ എന്ത പലൻ കിട്ടിക്കഴിഞ്ഞു?

ശ്രീ. സി. എ. മാത്യു: തമിഴ് ചോദ്യത്തിന്റെ ഹെഡിംഗ് കൊടുക്കുന്നതെങ്കിലും ഇംഗ്ലീഷിലാക്കിയാൽ കൊള്ളാം.

Mr. Speaker: Yes. That will be considered.

ഗവണ്മെന്റാഫീസുകളിലെ ജോലിസമയം.

* 1448. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിലെ എല്ലാ ഗവണ്മെന്റാഫീസുകളിലെയും ജോലി സമയം പ്രതിവർഷം എത്ര മണിക്കൂറാണ്;

(ബി) ജോലി പൂർത്തിയാക്കുന്നതിനും, ഫയലുകൾക്ക് കാലതാമസം ഒഴിവാക്കുന്നതിനും, എന്തെങ്കിലും പരിഷ്ക്കാരം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ഇതു സംബന്ധിച്ച് വല്ല പരിഷ്ക്കാരവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കോടതികളും, രജിസ്ട്രേഷൻ ആഫീസുകളും ഒഴികെ മറ്റു ആഫീസുകളുടെ ജോലി സമയം 1841 മണിക്കൂറാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ഒരു കൊല്ലത്തെ ജോലിസമയം 1878 മണിക്കൂറാണ്. കോടതികളെ സംബന്ധിച്ച വിവരം കിട്ടിയിട്ടില്ല.

(ബി) അഡ്മിനിസ്ട്രേറ്റീവ് റിഫാംസ് കമ്മിറ്റിയുടെ റിപ്പോർട്ട പ്രകാരം ജോലി പൂർത്തിയാക്കുന്നതിനും ഫയലുകൾക്ക് കാലതാമസം ഒഴിവാക്കുന്നതിനും സെക്രട്ടറിയേറ്റിൽ ഒരു ആർഗനൈസേഷൻ ആൻഡ് മെത്തേഡ്സ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. അവർ ഇതു പഠിച്ചുകൊണ്ടിരിക്കുകയാണ്.

(സി) സെൻട്രൽ സെക്രട്ടറിയേറ്റിലും, ബാംബെ, ആസ്സാം, രാജസ്ഥാൻ, ഉത്തരപ്രദേശ് ഇവിടങ്ങളിലും ഒ. ആൻഡ്. എം. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതായി അറിവുണ്ട്.

ശ്രീ. സി. എ. മാത്യു: ജോലിസമയം കഴിയുന്നതുവരെ ആഫീസിൽ നിന്നും പോകരുതെന്നുള്ള ചട്ടങ്ങൾ നിലവിലില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഉണ്ട്. അങ്ങനെയുള്ള ചട്ടങ്ങളുണ്ട്.

പുതിയ എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

* 1449. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ 1959-60-ലേക്കുള്ള ലിസ്റ്റ് തയാറാക്കിക്കഴിഞ്ഞുവോ;

(ബി) ലിസ്റ്റ് തയാറാക്കുന്നതിൽ ഓറ ബ്ലോക്കും ഇല്ലാത്ത താലൂക്കുകൾക്ക് മുൻഗണന കൊടുക്കണമെന്ന ഒരു നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി) ഇല്ല. ബ്ലാക്കുകൾ തിരിക്കുന്നതു് ജില്ലാ വികസന കൗൺസിലുകൾ തയാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റുകൾ അനുസരിച്ചാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇപ്പോൾ തയാറാക്കാൻപോകുന്ന ലിസ്റ്റുകൾ അനുസരിച്ചു് ഓരോ ബ്ലാക്കും ഇല്ലാത്ത സ്ഥലങ്ങളിലാണു് അനുവദിക്കേണ്ടതു് എന്നുള്ള കാര്യം ഗവണ്മെന്റു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ജില്ലാവികസന ബ്ലാക്കുകൾക്കു വിട്ടുകൊടുത്തിട്ടുള്ള അധികാരത്തിൽ പിന്നെ ഗവണ്മെന്റു് ഇടപെടണമെന്നു വിചാരിക്കുന്നില്ല.

വനങ്ങളിലെ തടിമോഷണം.

* 1450. [6] ശ്രീ. പി. ആർ. ഫ്രാൻസിസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59-സാമ്പത്തികവർഷത്തിൽ വനങ്ങളിൽനിന്നു് തടി, വിറകു് മുതലായവ കളവായി വെട്ടി എന്ന കാരണത്തിന്മേൽ എത്രപേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു് ;

(ബി) എത്ര ആളുകളെ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) പിഴയായി ഈ ഇനത്തിൽ ഗവണ്മെന്റിലേക്കു് എന്തു തുക ലഭിച്ചു ;

(ഡി) എത്രപേർ ജയിൽ ശിക്ഷ അനുഭവിച്ചു ?

കൃഷിയും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

ഈ ചോദ്യത്തിന്റെ മുഴുവൻ വിവരങ്ങളും ലഭിച്ചിട്ടില്ല. കൊല്ലം സർക്കിളിൽനിന്നും കിട്ടിയ വിവരങ്ങളും മാത്രമാണു് പറയുന്നതു്.

(എ) 1958-59-ൽ വനങ്ങളിൽനിന്നും തടി, വിറകു് മുതലായവ കളവായി വെട്ടിയതിനു് 3452 പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു്.

(ബി) 1,332 ആളുകളെ ശിക്ഷിച്ചിട്ടുണ്ടു്.

(സി) പിഴയായി 6006 രൂപ ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടു്.

(ഡി) രണ്ടുപേർ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്സു് : തൃശ്ശൂർ ഡിസ്ട്രിക്ടിൽ വെള്ളാനിക്കര റേഞ്ചിൽനിന്നും മരം മുറിച്ചു എന്ന കാരണത്താൽ കുറെ സ്ത്രീകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു് : അതേപ്പറ്റി എനിക്കിപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ആർ ഫ്രാൻസിസ്സു് : സാധുക്കളായ എഴുപത്തിനാലു് വയസ്സുള്ള കണ്ണുകാണാത്തതായ ഒരു സ്ത്രീയുടേയും മറ്റു് മുന്നൂറിൽപ്പരം സാധു സ്ത്രീകളുടെയും പേരിൽ കേസ്സെടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ അതേക്കുറിച്ചു് അന്വേഷിക്കുമോ ?

ശ്രീ. കെ. സി. ജോർജ്ജു് : അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly